# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4329

28-06-2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

## സർക്കാർ ഭൂമി കയ്യേറ്റം

| ചോദ്യം<br>ശ്രീ. കെ. അജിത് | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യുവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഹെക്ടർ റവന്യു ഭൂമിയിൽ പുതുതായി കൈയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; | എ) ഈ സർക്കാർ അധികാരമേറ്റശേഷം കോട്ടയം, വയനാട്, മലപ്പുറം ജില്ലകളിലെ റവന്യു ഭൂമി കയ്യേറ്റം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. മറ്റു ജില്ലകളിൽ താഴെപ്പറയും പ്രകാരം റവന്യു ഭൂമി കൈയ്യേറിയ തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>**ജില്ല** — **വിസ്തീർണ്ണം**<br>തിരുവനന്തപുരം - 5.09.77 ഹെക്ടർ<br>കൊല്ലം - 01.41.93 ഹെക്ടർ<br>പത്തനംതിട്ട - 06.39 ച. മീ.<br>ആലപ്പുഴ - 01.29.73 ഹെക്ടർ<br>ഇടുക്കി - 781. 85 ഹെക്ടർ<br>എറണാകുളം - 00.16.67 ഹെക്ടർ<br>തൃശ്ശൂർ - 00.06.49 ഹെക്ടർ<br>പാലക്കാട് - 01.52.19 ഹെക്ടർ<br>കോഴിക്കോട് -00.4912 ഹെക്ടർ<br>കണ്ണൂർ - 00.4940 ഹെക്ടർ<br>കാസർഗോഡ് - 01.6319 ഹെക്ടർ |
| ബി) പുതുതായി ഉണ്ടായ കൈയ്യേറ്റം പൂർണ്ണമായും ഒഴിപ്പിച്ചിട്ടുണ്ടോ എന്ന കാര്യം വെളിപ്പെടുത്തുമോ ; | ബി) എറണാകുളം, ഇടുക്കി ജില്ലകളിൽ അനധികൃത മായി കൈയ്യേറിയ ഭൂമി പൂർണ്ണമായും ഒഴിപ്പിച്ചെടു ത്തിട്ടുള്ളതാണ്. മറ്റു ജില്ലകളിൽ കേരള ഭൂ സംരക്ഷണ നിയമ പ്രകാരം ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നു. |

(.......2)

| | |
|---|---|
| സി) മുൻ സർക്കാരിന്റെ കാലത്ത് കൈയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ അധീനതയിലാക്കിയ ഭൂമിയിൽ വീണ്ടും കൈയ്യേറ്റം നടന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) കോഴിക്കോട്, ഇടുക്കി എന്നീ ജില്ലകളിൽ മുൻസർക്കാരിന്റെ കാലത്ത് കയ്യേറ്റം ഒഴിപ്പിച്ച ഭൂമി വീണ്ടും കയ്യേറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) മുൻപ് ഒഴിപ്പിക്കൽ നടന്ന ഭൂമി വീണ്ടും കൈയ്യേറിയവരെ ഒഴിപ്പിച്ച് ഭൂമി തുടർന്നും സർക്കാരിന്റെ കൈവശത്തിലിരിക്കുന്നു വെന്ന് ഉറപ്പുവരുത്തിയോ എന്നും വ്യക്തമാക്കുമോ ? | ഡി) ഇടുക്കി ജില്ലയിൽ കയ്യേറിയിട്ടുള്ള 161.01 ഹെക്ടർ ഭൂമി ഒഴിപ്പിച്ചെടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഇപ്രകാരം കൈയ്യേറിയ ഭൂമി ഒഴിപ്പിക്കുന്നതിന് ബഹു. ഹൈക്കോടതി വിധി പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ